| 14–05–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – ആത്മാഭിമാനിയായി മാറണം, ഞാൻ ആത്മാവാണ് ഈ ശരീരമല്ല, ഇതാണ് ആദ്യത്തെ പാഠം. ഈ പാഠം എല്ലാവർക്കും നല്ല രീതിയിൽ പഠിപ്പിക്കൂ.**

**ചോദ്യം** – ജ്ഞാനം കേൾപ്പിക്കാനുള്ള രീതിയെന്താണ്, ഏതു വിധിയിലൂടെയാണ് ജ്ഞാനത്തെ കേൾപ്പിക്കേണ്ടത്?

**ഉത്തരം** – ജ്ഞാനത്തിന്റെ കാര്യങ്ങൾ വളരെ സന്തോഷത്തോടെ കേൾപ്പിക്കണം, നിവൃത്തികേടുകൊണ്ടല്ല. നിങ്ങൾ പരസ്പരം ജ്ഞാനത്തിന്റെ ചർച്ച ചെയ്യണം, ജ്ഞാനത്തിന്റെ മനന–ചിന്തനം ചെയ്യണം എന്നിട്ട് മറ്റുള്ളവർക്ക് കേൾപ്പിക്കൂ. സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി, ആത്മാവിനെ കേൾപ്പിക്കുകയാണെങ്കിൽ കേൾക്കുന്നവർക്കും വളരെ സന്തോഷമുണ്ടാവും.

**ഓംശാന്തി**. ബാബ പറയുന്നു ആത്മാഭിമാനി അഥവാ ദേഹിഅഭിമാനിയായിരിക്കൂ എന്ന്, കാരണം ആത്മാവിൽ തന്നെയാണ് നല്ലതും മോശവുമായ സംസ്കാരം നിറഞ്ഞിരിക്കുന്നത്. എല്ലാത്തിന്റെയും പ്രഭാവം ആത്മാവിലാണ് ഉള്ളത്. ആത്മാവിനെത്തന്നെയാണ് പതിതമെന്നു പറയുന്നത്. പതിതാത്മാവ് എന്ന് പറയപ്പെടുന്നുവെങ്കിൽ തീർച്ചയായും അത് ജീവാത്മാവായിരിക്കും. ആത്മാവ് ശരീരത്തോടൊപ്പം തന്നെയായിരിക്കും. ആദ്യത്തെ കാര്യം തന്നെയിതാണ് ആത്മാവാണെന്നു മനസ്സിലാക്കണം. സ്വയത്തെ ആത്മാവാണ് ശരീരമല്ല എന്നു മനസ്സിലാക്കണം. ആത്മാവു തന്നെയാണ് ഈ അവയവങ്ങളിലൂടെ കർമ്മങ്ങൾ ചെയ്യിപ്പിക്കുന്നത്. ഇടയ്ക്ക് സ്വയത്തെ ആത്മാവെന്നു മനസ്സിലാക്കുന്നതിലൂടെ പരമാത്മാവിനെ ഓർമ്മ വരുന്നു. അഥവാ ദേഹത്തെ ഓർമ്മ വരുന്നു എങ്കിൽ ദേഹത്തിന്റെ അച്ഛനെയാണ് ഓർമ്മ വരുക. അതുകൊണ്ടാണ് ബാബ പറയുന്നത് – ആത്മാഭിമാനിയായി മാറൂ എന്ന്. ബാബ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു, ഇതാണ് ആദ്യത്തെതായ പാഠം. നിങ്ങൾ ആത്മാക്കൾ അവിനാശിയാണ് ബാക്കി ശരീരം വിനാശിയാണ്. ഞാൻ ആത്മാവാണ് എന്ന ആദ്യത്തെ ശബ്ദം പോലും ഓർമ്മിച്ചില്ലെങ്കിൽ പാകപ്പെടാത്തതാണ്. ഞാൻ ആത്മാവാണ് ശരീരമല്ല – എന്ന ശബ്ദം ഈ സമയത്ത് ബാബയാണ് പഠിപ്പിക്കുന്നത്. ആദ്യം ആരും തന്നെ പഠിപ്പിച്ചിരുന്നില്ല. ബാബ വന്നിരിക്കുന്നതു തന്നെ ആത്മാഭിമാനിയാക്കി ജ്ഞാനം നൽകുന്നതിനായാണ്. ആദ്യത്തെ ജ്ഞാനം നൽകുന്നു – അല്ലയോ ആത്മാവേ, നിങ്ങൾ പതിതമാണ് കാരണം ഇത് പഴയലോകമാണ്. ചിത്രപ്രദർശിനിയിലും നിങ്ങൾ കുട്ടികൾ ധാരാളം പേർക്ക് മനസ്സിലാക്കി കൊടുക്കുന്നുണ്ട്. പ്രശ്നോത്തരികൾ നടത്തുമ്പോൾ പകൽ സമയത്ത് വിശ്രമിക്കുന്ന സമയത്ത് പരസ്പരം ചർച്ച ചെയ്യണം, വർത്തമാനങ്ങൾ ചോദിക്കണം, ആരെല്ലാം എന്തൊക്കെ ചോദ്യങ്ങൾ ചോദിച്ചു, ഞങ്ങൾ എന്തെല്ലാം മനസ്സിലാക്കി കൊടുത്തു. പിന്നീട് അവർക്ക് മനസ്സിലാക്കികൊടുക്കണം, അത് അങ്ങനെയല്ല ഇങ്ങനെയാണ് പറയേണ്ടത്. മനസ്സിലാക്കി കൊടുക്കുന്നതിന്റെ യുക്തിയും എല്ലാവരുടെയും ഒരുപോലെയല്ല. മുഖ്യമായ കാര്യവും ഇതു തന്നെയാണ് സ്വയത്തെ ആത്മാവെന്നാണോ മനസ്സിലാക്കുന്നത് അതോ ദേഹമാണെന്നാണോ? എല്ലാവർക്കും തീർച്ചയായും രണ്ടച്ഛന്മാരുണ്ട്. ഏതെല്ലാം തന്നെ ദേഹധാരികളുണ്ടോ അവർക്ക് ലൗകിക പിതാവും പാരലൗകിക പിതാവുമുണ്ട്. പരിധിയ്ക്കുള്ളിലുള്ള അച്ഛൻ സാധാരണ രീതിയിൽ എല്ലാവർക്കുമുണ്ട്. ഇവിടെ നിങ്ങൾക്ക് പരിധിയില്ലാത്ത അച്ഛനെയാണ് ലഭിച്ചിരിക്കുന്നത്. അവരാണ് നിങ്ങൾ ആത്മാക്കൾക്ക് മനസ്സിലാക്കിത്തരുന്നത്. ആ ഒരാൾ തന്നെയാണ് അച്ഛനും ടീച്ചറും സദ്ഗുരുവും. ഇത് പക്കയാക്കണം. നിങ്ങൾ ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കുമ്പോൾ, ആരൊക്കെ നിങ്ങളോട് എന്തെല്ലാം ചോദ്യങ്ങളാണോ ചോദിക്കുന്നത്, അതിനുമേൽ നിങ്ങൾക്ക് ഒരുമിച്ചിരുന്ന് സംസാരിക്കണം, ആരാണോ സമർത്ഥശാലികൾ അവരോടും ഇരിക്കാൻ പറയണം. നിങ്ങൾക്ക് സമയം ലഭിക്കുന്നത് പകൽ സമയത്താണ്. അല്ലാതെ ഭോജനം കഴിച്ച് ഉറക്കത്തിന്റെ ലഹരി വന്നു എന്നു പറയരുത്. ആരാണോ ധാരാളം ഭക്ഷണം കഴിക്കുന്നത്, അവർക്കാണ് ഉറക്കം അഥവാ ആലസ്യം വരുക. പകൽ സമയത്ത് ക്ലാസ്സെടുക്കണം – ഇന്നയാൾ ഇതെല്ലാം ചോദിച്ചു, ഞങ്ങൾ ഇങ്ങനെ മറുപടി പറഞ്ഞു. ഭിന്ന ഭിന്ന ചോദ്യങ്ങളായിരിക്കും ചോദിക്കുക. അതിനുള്ള മറുപടിയും യഥർത്ഥമായിരിക്കണം. അവർക്ക് ഇതിൽ ആകർഷണം തോന്നിയോ അവർക്ക് സംതൃപ്തമായോ എന്ന് നോക്കണം. ഇല്ലെങ്കിൽ അതിനെ തിരുത്തണം. സമർത്ഥശാലികളായ കുട്ടികൾക്കും അവരോടൊപ്പം ഇരിക്കണം. അല്ലാതെ ഭക്ഷണം കഴിച്ചതിനുശേഷം പെട്ടെന്ന് ഉറക്കം വന്നു എന്ന് പറയരുത്. ദേവതകൾ വളരെ കുറച്ചേ കഴിക്കാറുള്ളൂ കാരണം അവിടെ സന്തോഷമുണ്ടല്ലോ, അതുകൊണ്ടാണ് ഇങ്ങനെ പറയുന്നത് സന്തോഷത്തെപ്പോലുള്ള മരുന്നില്ലെന്ന്. നിങ്ങൾ കുട്ടികൾക്ക് അളവറ്റ സന്തോഷമുണ്ടായിരിക്കണം. ബ്രാഹ്മണനായിത്തീർന്നതിൽ വളരെയധികം സന്തോഷമുണ്ട്. സന്തോഷം ലഭിക്കുമ്പോഴാണ് ബ്രാഹ്മണനായിത്തീരുന്നത്. ദേവതകൾക്ക് സന്തോഷമുണ്ടല്ലോ കാരണം അവർക്ക് ധനം കൊട്ടാരം എല്ലാമുണ്ട്. അപ്പോൾ അവർക്ക് അളവറ്റ സന്തോഷമാണ്. സന്തോഷത്തിൽ

ഭക്ഷണവും വളരെ കുറച്ച്, സൂക്ഷ്മതയോടെ കഴിക്കും. ഇതും ഒരു നിയമമാണ്. കൂടുതൽ കഴിക്കുന്നവർക്ക് കൂടുതൽ ഉറക്കം വരുന്നു. ആർക്കാണോ ഉറക്കത്തിന്റെ ലഹരിയുള്ളത് അവർക്ക് ആർക്കും മനസ്സിലാക്കി കൊടുക്കാൻ പോലും സാധിക്കില്ല. അലസമായിരിക്കും. ഈ ജ്ഞാനത്തിന്റെ കാര്യങ്ങൾ വളരെയധികം സന്തോഷത്തോടെ കേൾക്കുകയും കേൾപ്പിക്കുകയും വേണം. മനസ്സിലാക്കി കൊടുക്കാനും സഹജമായിരിക്കും.

മുഖ്യമായ കാര്യമാണ് ബാബയുടെ പരിചയം നൽകുക എന്നുള്ളത്. ബ്രഹ്മാവിനെ ആർക്കും തന്നെ അറിയുന്നില്ല. പ്രജാപിതാവായ ബ്രഹ്മാവിന് ധാരാളം പ്രജകളുണ്ട്. എങ്ങനെയാണ് പ്രജാപിതാ ബ്രഹ്മാവായത് – എന്നതിനെക്കുറിച്ച് വളരെ നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കണം. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇവരുടെ വളരെ ജന്മത്തിനുശേഷമുള്ള അന്തിമ ജന്മത്തിലെ അന്തിമ സമയത്തുള്ള വാനപ്രസ്ഥ അവസ്ഥയിലാണ് ഞാൻ പ്രവേശിക്കുന്നത്. അല്ലാതെ എവിടെ നിന്നു രഥം ലഭിക്കാനാണ്. ശിവബാബയുടെ രഥത്തിനാണ് മഹിമ. രഥത്തിൽ എങ്ങനെ പ്രവേശിക്കുന്നു എന്നതിനെക്കുറിച്ച് സംശയിക്കുന്നു. തീർച്ചയായും രഥം ആവശ്യമാണ് കൃഷ്ണനാവാൻ സാധിക്കില്ല. അപ്പോൾ തീർച്ചയായും ബ്രഹ്മാവിലൂടെ ത്തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. മുകളിലിരുന്നുകൊണ്ട് സംസാരിക്കാൻ സാധിക്കില്ലല്ലോ. ബ്രഹ്മാവു തന്നെ എവിടെ നിന്നാണ് വന്നത്? ബാബ കേൾപ്പിച്ചു തന്നിട്ടുണ്ട് ആരാണോ പൂർണ്ണമായും 84 ജന്മങ്ങളെടുത്തത് അവരിലാണ് ഞാൻ പ്രവേശിക്കുന്നതെന്ന്. ബ്രഹ്മാവിനിത് സ്വയം അറിയുന്നില്ല ഞാനാണ് പറഞ്ഞു കൊടുക്കുന്നത്. കൃഷ്ണന് രഥത്തിന്റെ ആവശ്യമില്ല. കൃഷ്ണൻ എന്നു പറയുന്നതിലൂടെ ഭഗീരഥൻ എന്ന പേര് ഗുപ്തമാവുകയാണ്. കൃഷ്ണനെ ഒരിക്കലും ഭഗീരഥൻ എന്ന് പറയുകയില്ല. കൃഷ്ണന്റെ ആദ്യത്തെ ജന്മം തന്നെ രാജകുമാരന്റേതാണ്. അപ്പോൾ കുട്ടികൾക്ക് ഉള്ളിൽ വിചാരസാഗരമഥനം ചെയ്യണം. ഇതും കുട്ടികൾക്ക് അറിയാം ശാസ്ത്രങ്ങളിൽ എഴുതപ്പെട്ടിട്ടുള്ള കാര്യങ്ങളൊന്നും തന്നെ സംഭവിച്ചിട്ടില്ലെന്ന്. ബാക്കി ഇത് ശരിയാണ്, വിചാരസാഗരമഥനം ചെയ്യപ്പെട്ടിട്ടുള്ള ജ്ഞാനകലശം ലക്ഷ്മിയ്ക്കാണ് നൽകിയത്. അവർ പിന്നീട് മറ്റുള്ളവർക്ക് അമൃത് കുടിപ്പിച്ചു, അതുകൊണ്ടാണ് സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കപ്പെട്ടത്. പക്ഷേ പരമപിതാവായ പരമാത്മാവിന് വിചാരസാഗരമഥനം ചെയ്യുന്നതിന്റെ ആവശ്യം വരുന്നില്ല. ബാബ ബീജരൂപമാണ്. ബാബയിൽ ജ്ഞാനമുണ്ട്, ബാബക്കേ അറിയൂ നിങ്ങളും അറിഞ്ഞിരുന്നു. ഈ കാര്യങ്ങളെല്ലാം തന്നെ നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കണം. മനസ്സിലാക്കാതെ എങ്ങനെ ദേവതാ പദവി നേടും! ആത്മാക്കളെ റീഫ്രെഷാക്കി മാറ്റുന്നതിനാണ് ബാബ മനസ്സിലാക്കി തരുന്നത്. ബാക്കി ആർക്കും തന്നെ ഒന്നും അറിയുകയില്ല. ബാബ വന്ന് മനസ്സിലാക്കിത്തരുന്നു ഇപ്പോൾ നിങ്ങളുടെ നങ്കൂരം ഭക്തി മാർഗ്ഗത്തിൽ നിന്നും വിട്ടു കഴിഞ്ഞു. ഇപ്പോൾ ജ്ഞാനമാർഗ്ഗത്തിലാണ് പോയ്ക്കൊണ്ടിരിക്കുന്നത്. ബാബ പറയുന്നു ഞാൻ ഇപ്പോൾ നിങ്ങൾക്ക് എന്ത് ജ്ഞാനമാണോ നൽകുന്നത് അത് നഷ്ടപ്പെട്ടുപോകും.

ഒന്ന് നിരാകാരിയായ അച്ഛൻ മറ്റൊന്ന് സാകാരി പിതാവ്. വളരെ നല്ല രീതിയിൽ മനസ്സിലാക്കി തരുന്നുണ്ട് പക്ഷേ മായ നമ്മെ ആകർഷിച്ച് അഴുക്കിലേക്ക് തള്ളിയിടുന്നു. ബാബ പറയുന്നു കുട്ടികളേ – നിങ്ങൾ കാമ ചിതയിലേക്ക് വന്ന് ഒറ്റയടിക്ക് ശ്മശാനത്തിലേക്ക് വന്നിരിക്കുകയാണ്. പിന്നീട് ഇവിടെത്തന്നെയായിരിക്കും സ്വർഗ്ഗം ഉണ്ടാവുക. അരക്കല്പം സ്വർഗ്ഗമായിരിക്കും അരക്കല്പം നരകമായിരിക്കും. ഇപ്പോൾ എല്ലാവരും ശ്മശാനത്തിലേക്ക് വന്നിരിക്കുകയാണ്. ഏണിപ്പടിയിലും നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നു. ഇത് പതിത രാജ്യമാണ് ഇതിന്റെ വിനാശം തീർച്ചയായും സംഭവിയ്ക്കണം. ഈ ഭൂമി ഇപ്പോൾ ശ്മശാനമാണ്. വീണ്ടും ഈ ലോകം തന്നെ പരിവർത്തനപ്പെടും അതായത് കലിയുഗം വീണ്ടും സ്വർണ്ണിമയുഗമായിത്തീരുന്നു. പിന്നീട് രണ്ടു കല കുറയുന്നു. തത്വങ്ങളുടെയും കല കുറയുന്നതു കാരണമാണ് പ്രകൃതി ക്ഷോഭം സംഭവിക്കുന്നത്. നിങ്ങൾ നല്ല രീതിയിൽ എല്ലാവർക്കും മനസ്സിലാക്കി കൊടുക്കുന്നുണ്ട്. അഥവാ മനസ്സിലാക്കി കൊടുക്കുന്നില്ലെങ്കിൽ കക്കയ്ക്കു സമാനമാണ് അതായത് ഒരു വിലയുമില്ല. ഈ വിലയെക്കുറിച്ച് ബാബ നമുക്ക് മനസ്സിലാക്കിത്തരുന്നു. ഇങ്ങനെയൊരു മഹിമയുമുണ്ട് – വജ്രസമാന ജന്മം.... നിങ്ങൾക്കും ആദ്യം ബാബയെ അറിഞ്ഞിരുന്നില്ല അപ്പോൾ നിങ്ങളുടെയും കക്കയ്ക്കു സമാനമുള്ള ജന്മമായിരുന്നു. ഇപ്പോൾ ബാബ വന്ന് വജ്രസമാനമാക്കി മാറ്റുന്നു. ബാബയിൽ നിന്നും മാത്രമേ വജ്രസമാന ജീവിതം ലഭിക്കൂ, പിന്നീട് എന്തിനു കക്കയ്ക്കു സമാനമുള്ള ജീവിതത്തിലേക്കു പോകുന്നു? നിങ്ങൾ ഈശ്വരീയ സന്താനമാണല്ലോ. ഇങ്ങനെയൊരു മഹിമയുമുണ്ട് ആത്മാക്കളും പരമാത്മാവും ഒരുപാടു കാലം വേർപെട്ടിരുന്നു.......മുകളിൽ ശാന്തിധാമത്തിൽ ഒരുമിച്ചാണെങ്കിലും ആ മിലനത്തിലൂടെ പ്രയോജനമില്ലല്ലോ. ശാന്തിധാമം കേവലം പവിത്രതയുടെയും ശാന്തിയുടെയും സ്ഥാനമാണ്. ഇവിടെ നിങ്ങൾ ജീവാത്മാക്കളാണ് പരമാത്മാവാകുന്ന അച്ഛന് തന്റേതായ ശരീരമില്ല. ബാബ ശരീരത്തെ ധാരണ ചെയ്ത് നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നു. നിങ്ങൾ ബാബയെ തിരിച്ചറിഞ്ഞുകൊണ്ടു വിളിക്കുന്നു – ബാബാ... ബാബയും പറയുന്നു – അല്ലയോ കുട്ടി... ലൗകിക അച്ഛനും പറയുകയില്ലേ – അല്ലയോ

മക്കളേ പേരമക്കളേ വരൂ ഞാൻ നിങ്ങൾക്ക് ടോളി കഴിപ്പിക്കാം എന്ന്. അപ്പോൾ പെട്ടെന്ന് എല്ലാവരും ഓടി അടുക്കലെത്തുന്നു. ഈ അച്ഛനും പറയുന്നു – കുട്ടികളേ വരൂ എന്നാൽ നിങ്ങളെ വൈകുണ്ഡത്തിന്റെ അധികാരിയാക്കി മാറ്റാമെന്ന്, അപ്പോൾ തീർച്ചയായും എല്ലാവരും ഓടിവരും. വിളിക്കുന്നതും ഇങ്ങനെത്തന്നെയാണ് വന്ന് പതിതരെ പാവനമാക്കി പാവനലോകത്തിലെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റൂ എന്ന്. ഇപ്പോൾ നിശ്ചയമുണ്ടെങ്കിൽ അംഗീകരിക്കണം. വിളിച്ചതും കുട്ടികളാണല്ലോ. ഞാൻ വരുന്നതും കുട്ടികൾക്കു വേണ്ടിയാണ്, കുട്ടികളോടാണ് പറയുന്നത്, നിങ്ങൾ വിളിച്ചപ്പോൾ ഞാൻ വന്നു എന്ന്. പതിതപാവനൻ എന്നു ബാബയെത്തന്നെയാണ് പറയുന്നത്. ഗംഗാജലത്തിലൂടെ നിങ്ങൾക്ക് പാവനമായിത്തീരാൻ സാധിക്കില്ല. അരക്കല്പം നിങ്ങൾ തെറ്റിലൂടെ നടന്നു. ഭഗവാനെ അന്വേഷിക്കുമായിരുന്നു പക്ഷേ ആർക്കും തന്നെ തിരിച്ചറിഞ്ഞിരുന്നില്ല. ബാബ പറയുന്നു – അല്ലയോ കുട്ടികളേ. കുട്ടികൾക്കും ഉല്ലാസത്തോടെ അല്ലയോ ബാബാ എന്നു പറയണം. പക്ഷേ ഇത്രയ്ക്കും ഉല്ലാസത്തോടെ ആരും തന്നെ പറയുന്നില്ല. ഇതിനെയാണ് ദേഹാഭിമാനം എന്നു പറയുന്നത്, അല്ലാതെ ദേഹിഅഭിമാനിയല്ല. നിങ്ങൾ ഇപ്പോൾ ബാബയുടെ സമ്മുഖത്താണ് ഇരിക്കുന്നത്. പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കുന്നതിലൂടെ പരിധിയില്ലാത്ത ചക്രവർത്തി പദവിയും ഓർമ്മ വരുന്നു. ഇങ്ങനെയൊരു അച്ഛനോട് എത്ര സ്നേഹത്തോടെ തിരിച്ച് മറുപടി പറയണം. ബാബ നിങ്ങൾ വിളിച്ചതിലൂടെയാണ് വന്നത്. ഡ്രാമാ അനുസരിച്ച് ഒരു നിമിഷം പോലും മുന്നിലേക്കും പിന്നിലേക്കും പോകുന്നില്ല. എല്ലാവരും പറയുന്നു – അല്ലയോ ഗോഡ്ഫാദർ ദയ കാണിക്കൂ, കൃപകാണിക്കൂ എന്ന്. ഞങ്ങൾ എല്ലാവരും രാവണന്റെ ചങ്ങലയിൽ അകപ്പെട്ടിരിക്കുകയാണ്, താങ്കൾ ഞങ്ങളുടെ വഴികാട്ടിയാകൂ. അപ്പോൾ വഴികാട്ടിയായും മാറുന്നുണ്ട്, എല്ലാവരും ബാബയെ വിളിക്കുന്നുണ്ട് – അല്ലയോ മുക്തേശ്വരാ, അല്ലയോ വഴികാട്ടി... വന്ന് ഞങ്ങൾക്ക് വഴി കാണിച്ചു തരൂ. ഞങ്ങളെ കൂടെക്കൊണ്ടുപോകൂ. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ് നിൽക്കുന്നത്. ബാബ സത്യയുഗത്തിന്റെ സ്ഥാപനയാണ് ചെയ്യുന്നത്. ഇപ്പോൾ കലിയുഗമാണ്, കോടിക്കണക്കിന് മനുഷ്യരുണ്ട്. സത്യയുഗത്തിൽ ദേവതകൾ കുറവായിരുന്നു, അതിനർത്ഥം തീർച്ചയായും അതിനു മുമ്പ് വിനാശം സംഭവിച്ചിട്ടുണ്ടാവും. ആ വിനാശവും തൊട്ടു മുന്നിലാണ്, അതിനുള്ള മഹിമയാണ് – ശാസ്ത്രത്തിന്റെ അഹങ്കാരമെന്ന്. ശാസ്ത്രജ്ഞർ ബുദ്ധി ഉപയോഗിച്ച് എത്ര വിവേകത്തോടെയാണ് പ്രവർത്തിക്കുന്നത്. അവർ യാദവ സമ്പ്രദായത്തിലുള്ളവരാണ്. ഇനി വീണ്ടും ചരിത്രം ആവർത്തിക്കുക തന്നെ ചെയ്യും. ഇപ്പോൾ സത്യയുഗത്തിന്റെ ചരിത്രമാണ് ആവർത്തിക്കുക.

നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ സത്യയുഗത്തിൽ ഉയർന്ന പദവി നേടാനുള്ള പുരുഷാർത്ഥമാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന്. തീർച്ചയായും പവിത്രമായി മാറണം. നിങ്ങൾ മനസ്സിലാക്കുന്നു ഈ പതിത ലോകത്തിന്റെ വിനാശം തീർച്ചയായും ഉണ്ടാകണം. നിങ്ങളുടെ കുട്ടികളാരും തന്നെ ജീവിച്ചിരിക്കില്ല. അവകാശിയും ഉണ്ടാവില്ല, വിവാഹവും നടക്കില്ല. വളരെയേറെ കഴിഞ്ഞു, ഇനി വളരെക്കുറച്ച് മാത്രമേ അവശേഷിക്കുന്നുള്ളൂ. ഇനി കുറച്ചു സമയത്തെ കണക്കു മാത്രമേയുള്ളൂ. സമയം കുറച്ചേയുള്ളൂ എന്ന് മുമ്പ് പറഞ്ഞിരുന്നില്ലേ. ആരെല്ലാമാണോ ശരീരത്തെ ഉപേക്ഷിച്ച് ആദ്യം തന്നെ പോയത്, അവർ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ജന്മമെടുത്തിട്ടുണ്ടാവും. ചിലർ ഇവിടെത്തന്നെ ജനിച്ചിട്ടുണ്ടാവും. ഇവിടെ നിന്നും വിട്ടുപോയ ആത്മാവാണെന്ന് മനസ്സിലാകുന്നു. അവർക്ക് ജ്ഞാനം കൂടാതെ ആനന്ദം ഉണ്ടാവുകയില്ല. അവരുടെ മാതാപിതാക്കളോടും പറയും ഞങ്ങൾക്ക് ഇവിടെ പോകണമെന്ന്. ഇതെല്ലാം തന്നെ സഹജമായും മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. തീർച്ചയായും വിനാശം സംഭവിക്കണം. യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ കാണുന്നുണ്ട്. പകുതി ചിലവ് ഇവരുടെ യുദ്ധത്തിന്റെ സാമഗ്രികൾക്കു തന്നെയാകുന്നു. വിമാനമെല്ലാം തന്നെ എങ്ങനെയാണ് ഉണ്ടാക്കുന്നത്, പറയാറുണ്ട് വീട്ടിലിരിക്കെ തന്നെ എല്ലാം നശിപ്പിക്കാനുള്ള കഴിവുണ്ട്. അങ്ങനെയുള്ള വസ്തുക്കളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്, ആശുപത്രികൾ ഒന്നുംതന്നെ അവസാനസമയത്ത് ഉണ്ടാകില്ല. ഡ്രാമാ അനുസരിച്ച് ഇതും ബാബയുടെ ഒരു സൂചനയാണ് ലഭിക്കുന്നത്. സൂചന ലഭിക്കുക എന്നുള്ളതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. അസുഖം വന്ന് കിടക്കണം എന്ന് ആരും തന്നെ ആഗ്രഹിക്കുന്നില്ല. എല്ലാവർക്കും തീർച്ചയായും മരണം സംഭവിക്കണം. രാമനും പോയി രാവണനും പോയി..... ആരാണോ യോഗത്തിലിരുന്നകൊണ്ട് ആയുസ്സ് വർദ്ധിപ്പിക്കുന്നത് അവരുടെ ആയുസ്സ് തീർച്ചയായും വർദ്ധിക്കുക തന്നെ ചെയ്യും. വളരെയധികം സന്തോഷത്തോടെ തന്റെ ശരീരത്തെ ഉപേക്ഷിക്കുന്നു. ബാബ ബ്രഹ്മജ്ഞാനികളുടെ ഉദാഹരണത്തെ പറയാറുണ്ട്, എത്ര സന്തോഷത്തോടെയാണ് അവർ ശരീരത്തെ ഉപേക്ഷിക്കുന്നത് ബ്രഹ്മത്തിൽ പോയി ലയിക്കുന്നതിനായി. പക്ഷേ ആരും തന്നെ ബ്രഹ്മത്തിലേക്കു പോകുന്നില്ല. ആരുടെയും പാപവും നശിക്കുന്നില്ല. വീണ്ടും പുനർജന്മം ഇവിടെത്തന്നെ എടുക്കുന്നു. പാപത്തെ നശിപ്പിക്കാനുള്ള യുക്തിയാണ് ബാബ പറഞ്ഞു തരുന്നത്, എന്നെ മാത്രം ഓർമ്മിക്കൂ എന്ന്. മറ്റാരെയും ഓർമ്മിക്കരുത്. ലക്ഷ്മി–നാരായണനെയും ഓർമ്മിക്കരുത്. നിങ്ങൾ പുരുഷാർത്ഥത്തിലൂടെ ഈ പദവി നേടുകയാണെന്ന് നിങ്ങൾക്ക് അറിയാം. സ്വർഗ്ഗത്തിന്റെ

സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. നമ്മൾ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ഈ പദവി നേടാനായി പഠിച്ചുകൊണ്ടിരിക്കുന്നു. ലക്ഷ്മി-നാരായണന്റെ രാജധാനി പോലും ബാബ സംഗമയുഗത്തിലാണ് സ്ഥാപിക്കുന്നത്. മറ്റുള്ളവരുടെ ബുദ്ധിയിൽ കൃത്യമായിത്തന്നെ ഇരിക്കുന്ന രീതിയിൽ തന്നെ വേണം പ്രഭാഷണവും ചെയ്യാൻ. ഈ സമയത്ത് നിങ്ങൾ ഈശ്വരീയ സമ്പ്രദായത്തിലുള്ളവരാണ്, പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലികൾ സഹോദരി-സഹോദരന്മാരാണ്. നമ്മൾ എല്ലാ ആത്മാക്കളും ഭായി-ഭായിയാണ്. ബ്രഹ്മാകുമാരി-കുമാരന്മാരുടെ വിവാഹം ഉണ്ടാവുകയില്ല. ഇതും ബാബ മനസ്സിലാക്കിത്തരുന്നുണ്ട്, എങ്ങനെയാണ് ഓരോരുത്തർ വീണു പോകുന്നതെന്ന്, കാമാഗ്നിയിൽപെട്ട് ഭസ്മമാകുന്നത്.ഒരു പ്രാവശ്യം നമ്മൾ താഴേക്കു വീണാൽ സമ്പത്തു മുഴുവനായും നഷ്ടപ്പെടുമോ എന്ന് ഭയപ്പെടുന്നു. കാമ വികാരത്തിൽ പരാജയപ്പെട്ടാൽ പദവി നഷ്ടപ്പെട്ടു പോകുന്നു. സമ്പാദ്യം എത്ര വലുതാണ്. മനുഷ്യർ കോടിമടങ്ങ് സമ്പാദ്യം സമ്പാദിക്കുന്നു. ഇതെല്ലാം തന്നെ കുറച്ചു സമയത്തിനുള്ളിൽ തന്നെ നശിച്ചു പോകുമെന്ന് അവർക്കാർക്കും തന്നെ അറിയുന്നില്ല. ബോംബുകൾ ഉണ്ടാക്കുന്നവർക്ക് അറിയാം ഈ ലോകം ഇതിലൂടെ നശിക്കുമെന്ന്. ആരുടേയോ പ്രേരണയിലൂടെ അവർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ജ്ഞാനത്തെ ഉള്ളിൽ ഉരയ്ക്കണം അതായത് വിചാരസാഗരമഥനം ചെയ്യണം. പരസ്പരം ജ്ഞാനത്തിന്റെ ആത്മീയ സംഭാഷണം ചെയ്ത് മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കണം. അലസത അഥവാ മടി ഉപേക്ഷിക്കണം.

2. ദേഹിഅഭിമാനിയായി വളരെയധികം ഉല്ലാസത്തോടെ ബാബയെ ഓർമ്മിക്കണം. സദാ ഈ ലഹരിയിലിരിക്കണം ഞങ്ങൾ ബാബയുടെ അടുത്തേക്ക് വന്നിരിക്കുന്നത് കക്കയിൽ നിന്നും വജ്രസമാനമായിത്തീരാനാണ്. നമ്മൾ ഈശ്വരീയ സന്താനങ്ങളാണ്.

## വരദാനം - ജ്ഞാന സൂര്യന്റെയും ജ്ഞാന ചന്ദ്രന്റെയുമൊപ്പം രാത്രിയെ പകലാക്കി മാറ്റുന്ന ആത്മീയ ജ്ഞാന നക്ഷത്രമായി ഭവിയ്ക്കട്ടെ.

എങ്ങനെയാണോ മറ്റു നക്ഷത്രങ്ങൾ രാത്രിയിൽ പ്രകടമാകുന്നത്, അതു പോലെ താങ്കൾ ആത്മീയ ജ്ഞാന നക്ഷത്രങ്ങൾ തിളങ്ങുന്ന നക്ഷത്രങ്ങളും ബ്രഹ്മാവിന്റെ രാത്രിയിലാണ് പ്രകടമാകുന്നത്. മറ്റു നക്ഷത്രങ്ങൾ രാത്രിയെ പകലാക്കി മാറ്റുന്നില്ല, എന്നാൽ താങ്കൾ ജ്ഞാന സൂര്യനൊപ്പവും ജ്ഞാന ചന്ദ്രനൊപ്പവും കൂട്ടുകാരായി രാത്രിയെ പകലാക്കുന്നു. മറ്റേത് ആകാശത്തിലെ നക്ഷത്രങ്ങളാണ്, താങ്കൾ ഭൂമിയിലെ നക്ഷത്രങ്ങൾ. അവർ പ്രകൃതിയിലെ സത്തയാണ്, താങ്കൾ പരമാത്മാ നക്ഷത്രങ്ങൾ. എങ്ങനെയാണോ പ്രകൃതിയിലെ താരാമണ്ഡലത്തിൽ അനേക പ്രകാരത്തിലുള്ള നക്ഷത്രങ്ങൾ തിളങ്ങുന്നതായി കാണപ്പെടുന്നത്, അതുപോലെ താങ്കൾ പരമാത്മാ താരാമണ്ഡലത്തിൽ തിളങ്ങുന്ന ആത്മീയ നക്ഷത്രങ്ങളാണ്.

## സ്ലോഗൻ - സേവനത്തിനായുള്ള അവസരം ലഭിക്കുക അർത്ഥം ആശീർവ്വാദങ്ങളാൽ സഞ്ചി നിറക്കുകയാണ്.